പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2289 23.01.2014 -ൽ മറുപടിക്ക്

ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി

ചോദ്യം ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ ; | (എ) | അങ്കമാലി മുതൽ കാലടി വരെയുള്ള സെക്ഷന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിക്കുന്നതിനായി ട്ടാണ് തീരുമാനിച്ചിട്ടുള്ളത്.<br>കോട്ടയം ജില്ലയിൽ ജന പ്രതിനിധികൾ അംഗീകരിച്ച് ജില്ലാ കളക്ടർ തയ്യാറാക്കിയ അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ പുതുക്കിയ അലൈൻമെന്റ് സംബന്ധിച്ച റിപ്പോർട്ട് റെയിൽവേ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ; | (ബി) | രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി - എയർപോർട്ട് (നായത്തോട്) റോഡ്, കാലടി എയർപോർട്ട് റോഡ് എന്നിവിടങ്ങളിലാണ് മേൽപ്പാലങ്ങൾ പണിയാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിൽ വീതി കുറഞ്ഞതും സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതുമായ സ്ഥലത്ത് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേൽപ്പാലം, റോഡിന്റെ രണ്ടാംഘട്ട | (സി) | എയർപോർട്ട് റോഡിൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേൽപ്പാലം മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും. ടി യോഗത്തിൽ റെയിൽവേ അധികാരികളും, പഞ്ചായത്ത് |

| | | | |
|---|---|---|---|
| | വികസന പ്രവർത്തനങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലൈൻ മെന്റിലേയ്ക്ക് മാറ്റി സ്ഥാപിക്കണെ മെന്ന എം.എൽ.എ.യുടെ നിർദ്ദേശ ത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ? | | അധികാരികളും ബഹു. എം.എൽ.എയും പങ്കെടുത്തിരുന്നു. ടി യോഗത്തിൽ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള പാലത്തിന്റെ പണി രണ്ട് മാസത്തേയ്ക്ക് നിർത്തിവെയ്ക്കുന്നതിനും, രണ്ട് മാസ ത്തിനുള്ളിൽ പുതിയ റോഡിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ ഇപ്പോൾ നിർദ്ദേശിച്ച പാലം പുതിയ റോഡിൽ പണിയുന്നതിനും, രണ്ട് മാസത്തിനുള്ളിൽ അനുമതി ലഭിച്ചില്ലെങ്കിൽ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് തന്നെ പാലം പണിയുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ